**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ചേർത്തല നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. രാഹേഷ് കുമാറിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1535/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 26.04.2016.

=================================================================

**പരാമർശം :**

1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.04.2014 തീയതിയിലെ E4(SC 38/13/ALP) 27601/2013 നമ്പർ കത്ത്.
2) ശ്രീ. ആർ. രാഹേഷ് കുമാർ, മുൻ സെക്രട്ടറി ചേർത്തല നഗരസഭയ്ക്ക് നൽകിയ 07.01.2014 തീയതിയിലെ 74343/ഇയു1/14/തസ്വഭവ നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് ശ്രീ. ആർ. രാഹേഷ് കുമാർ സമർപ്പിച്ച 18.02.2015 തീയതിയിലെ മറുപടി.
4) നഗരകാര്യ ഡയറക്ടറുടെ 06.10.2015 തീയതിയിലെ വി1-1326/2015/നകവ. നമ്പർ കത്ത്.

**ഉത്തരവ്**

ചേർത്തല നഗരസഭയിൽ 09.09.2013-ൽ വിജിലൻസ് പരിശോധനാ വേളയിൽ ആർ4 സെക്ഷനിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള 2012 ലെ അപേക്ഷകൾ ഉൾപ്പെടെ 55 അപേക്ഷകളും, 2013-ലെ 50 അപേക്ഷകളും, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള 2 അപേക്ഷകളും റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടും യാതൊരു നടപടിയും കൈക്കൊള്ളാതെ കൈവശം വച്ചിരിക്കുന്നതായും കെട്ടിട നികുതി പുതുക്കുന്നത് (Building Tax Revision) സംബന്ധിച്ച അപേക്ഷകൾ ധനകാര്യ കമ്മിറ്റിക്ക് യഥാസമയം സമർപ്പിക്കാതെ കൈവശം വച്ചിട്ടുള്ളതായും R3 സെക്ഷനിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റിനായുള്ള 2013 ലെ 20 അപേക്ഷകൾ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാതെ സൂക്ഷിച്ചിട്ടുള്ളതായും; ആർ.ഐ. ആയിരുന്ന ശ്രീ. എം.ഡി. വർക്കിയുടെ പക്കൽ തൊഴിലില്ലായ്മ വേതനത്തിനുള്ള 5 അപേക്ഷയും ജമമാറ്റത്തിനുള്ള 1 അപേക്ഷയും കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള 7 അപേക്ഷകളും റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള 37 അപേക്ഷകളും (2012-ലെ 11 എണ്ണം ഉൾപ്പെടെ) നടപടി സ്വീകരിക്കാതെ കൈവശം വച്ചിരുന്നതായും; ആർ.ഐ ആയിരുന്ന ശ്രീ. സുദർശനന്റെ പക്കൽ തൊഴിലില്ലായ്മ വേതനത്തിനുള്ള 3 അപേക്ഷകളും കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള ഒരു അപേക്ഷയും കെട്ടിട നികുതി പരിഷ്ക്കരിക്കുന്നതിനുള്ള 2 അപേക്ഷകളും; വാസഗൃഹം ലോഡ്ജ് ആക്കി മാറ്റുന്നതിനുള്ള 1 അപേക്ഷയും ബിൽഡിംഗ് ടാക്സ് നിർണ്ണയിക്കുന്നതിനുള്ള 7 അപേക്ഷകളും പേരും മേൽവിലാസവും മാറ്റുന്നതിനുള്ള 1 അപേക്ഷയും നടപടി

സ്വീകരിക്കാതെ വച്ചിരിക്കുന്നതായും കണ്ടെത്തുകയും ടി നഗരസഭാ സെക്രട്ടറി എന്ന നിലയിൽ ശ്രീ. രാഹേഷ് കുമാർ ജനറൽ സെക്ഷനിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിലോ, പ്രത്യേക രജിസ്റ്ററിലോ കൈവശമുള്ള ക്യാഷ് രേഖപ്പെടുത്തി വയ്ക്കുന്നില്ലായെന്നും കണ്ടെത്തുകയുണ്ടായി എന്നും ടൗൺ പ്ലാനിംഗ് സെക്ഷനിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനുള്ള 3 അപേക്ഷകളും, പെർമിറ്റിനുള്ള 4 അപേക്ഷകളും റഗുലറൈസേഷനുള്ള 1 അപേക്ഷയും രണ്ടാംഗ്രേഡ് പബ്ലിക് വർക്സ് ഓവർസിയർ ശ്രീ. വി.ജെ. മുരളിയുടെ കൈവശം വച്ചിരുന്നതായും ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനുള്ള 1 അപേക്ഷ, പെർമിറ്റിനുള്ള 1 അപേക്ഷ എന്നിവ നടപടി സ്വീകരിക്കാതെ മൂന്നാം ഗ്രേഡ് ഓവർസീയർ ശ്രീ. ബി. ജഗദീശൻ പക്കലും രണ്ടാം ഗ്രേഡ് ഓവർസീയർ ശ്രീ. വി.കെ. ബൈജു പക്കലും കൈവശം വച്ചിരുന്നതായും ടി സകലമാന വീഴ്ചകൾക്കും സ്ഥാപന മേധാവി എന്ന നിലയിൽ ശ്രീ. രാഹേഷ് കുമാർ, മുനിസിപ്പൽ സെക്രട്ടറിയാണ് ഉത്തരവാദി എന്നാരോപിച്ച് ഒന്നാം പരാമർശിത കത്ത് പ്രകാരം ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൻ മേൽ ക്രമക്കേടുകൾക്ക് ടിയാന് രണ്ടാം പരാമർശിത കുറ്റപത്രം നൽകുകയുമുണ്ടായി.

2. കുറ്റപത്രത്തിന് ശ്രീ. ആർ. രാഹേഷ് കുമാർ സമർപ്പിച്ച 3-ാം പരാമർശിത പ്രതിവാദ പത്രികയിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 50(2) പ്രകാരം മുനിസിപ്പൽ സെക്രട്ടറി എന്ന നിലയിൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിന് ഡെലിഗേഷൻ ഓഫ് പവർ നൽകിയിട്ടുള്ളതാണെന്നും അപേക്ഷയിൽ അപാകതകളോ ക്രമക്കേടുകളോ ഉണ്ടെങ്കിൽ മാത്രമാണ് കൃത്യസമയത്ത് സേവനം നൽകുന്നതിൽ കാലതാമസം നേരിടേണ്ടി വരുന്നതെന്നും ടിയാൻ മുനിസിപ്പൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാലയളവിൽ പ്രസ്തുത സേവനങ്ങൾ സംബന്ധിച്ച് യാതൊരുവിധ ആക്ഷേപങ്ങളും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും സർക്കാർ ഉത്തരവിന് വിധേയമായി നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് കെട്ടിട നിർമ്മാണത്തിനുള്ള അനുമതി, ഒക്കുപ്പൻസി എന്നിവ നൽകി വരുന്നതെന്നും 750.$M^2$ ന് മുകളിലുള്ള കെട്ടിടത്തിനു മാത്രമേ സെക്രട്ടറി അനുമതി നൽകേണ്ടതുള്ളുവെന്നും അത്തരത്തിലുള്ള ഫയലുകളിൽ യാതൊരുവിധ കാലതാമസവും നേരിട്ടിട്ടില്ലായെന്നും നഗരസഭാ സെക്രട്ടറി എന്ന നിലയിൽ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 1994 സെക്ഷൻ 50(2) പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിനു പവർ ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുണ്ട് എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ടിയാന്റെ പരിമിതമായ സർവ്വീസ് കാലയളവിൽ മനപ്പൂർവ്വമല്ലാതെ എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി ടിയാനെതിരെ ആരോപിക്കുന്ന ആക്ഷേപങ്ങൾ പൂർണ്ണമായും ഒഴിവാക്കി ടിയാനെതിരെയുള്ള നടപടി ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

3. പ്രസ്തുത വിഷയത്തിന്മേൽ നഗരകാര്യ ഡയറക്ടർ 4-ാം പരാമർശിത കത്തു പ്രകാരം താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" ശ്രീ. ആർ. രാഹേഷ് കുമാർ പ്രസ്താവിച്ച വിവരങ്ങൾ വാസ്തവങ്ങൾക്ക് നിരക്കുന്നതും വസ്തുതാപരവുമാണെങ്കിലും മേലധികാരി എന്ന നിലയിൽ സെക്ഷനിലെ പ്രവർത്തികൾക്ക് ഇടവിട്ട് ഒരു പരിശോധനയെങ്കിലും ടിയാൻ നടത്തേണ്ടിയിരുന്നു. കൂടാതെ ചേർത്തല നഗരസഭയിലെ ഒരു സെക്ഷനിലും തൻപതിവേഡ് എന്നത് ആഫീസ് നടപടിയുടെ ഭാഗമല്ലായെന്നാണ് കാണുവാൻ കഴിഞ്ഞത്. പല ജീവനക്കാരോടും നേരിട്ട് ചോദിച്ചതിൻ പ്രകാരം തൻപതിവേഡ് എഴുതുന്നതിനുള്ള വ്യവസ്ഥകൾ ടിയാൾക്കാർക്ക് അറിയില്ലെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ആയത് കൃത്യമായി പാലിക്കപ്പെടുകയും കൃത്യസമയത്ത് പരിശോധന

നടത്തിയിരുന്നുവെങ്കിൽ വീഴ്ചകൾ കണ്ടെത്തുന്നതിന് സ്ഥാപന മേധാവി എന്ന നിലയിൽ ടിയാന് കഴിയുമായിരുന്നു. എന്നാൽ മുനിസിപ്പൽ സെക്രട്ടറി എന്ന നിലയിൽ ആയത് കൃത്യമായി ഗ്രഹിക്കുന്നതിന് പലപ്പോഴും സാധ്യമാകാതെ വരുന്നത് വസ്തുതാപരമാണ്.

നഗരസഭാ സെക്രട്ടറി എന്ന നിലയിൽ പേഴ്സണൽ ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല എന്ന ടിയാന്റെ മറുപടി വസ്തുതാപരമല്ലെന്നും ആയത് വീഴ്ചയായിത്തന്നെ കണക്കാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പരിശോധനയ്ക്ക് ശേഷം ക്യാഷ് രജിസ്റ്റർ സെക്രട്ടറിക്ക് വേണ്ടി പ്രത്യേകിച്ചും ഓരോ സെക്ഷനുകൾക്ക് വെവ്വേറെയും സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ ജീവനക്കാരും കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തിവരുന്നില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിരിക്കുന്നതായും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ. രാഹേഷ് കുമാറിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾ മനഃപൂർവ്വമല്ലാ എന്ന് ഗണിച്ച് ആദ്യാനുഭവം എന്ന പരിഗണന നൽകി താക്കീത് നൽകി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.''

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. 09.09.2013 തീയതിയിൽ ചേർത്തല നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനാ വേളയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക്, അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ആർ. രാഹേഷ് കുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾ മനഃപ്പൂർവ്വമല്ല എന്ന് ഗണിച്ച് ആദ്യാനുഭവം എന്ന പരിഗണന നൽകി മേലിൽ ഇത് ആവർത്തിക്കരുതെന്ന താക്കീത് നൽകി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
രത്നമ്മ. വി,
ജോയിന്റ് ഡയറക്ടർ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, ചേർത്തല നഗരസഭ.
ശ്രീ. ആർ. രാഹേഷ് കുമാർ, സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (11.03.2016 തീയതിയിലെ 14856/ഡി1/2015/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ